**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.319</u>  <u>28.05.2019 ൽ മറുപടിക്ക്</u>

**<u>പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ അധിക തസ്തികകൾക്കായുള്ള പ്രൊപ്പോസൽ</u>**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ജിവനക്കാരുടെ അധിക തസ്തികകൾ അനുവദിയ്ക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലിന്റെ നിലവിലത്തെ സ്ഥിതി അറിയിക്കാമോ ; | (എ) & (ബി) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ജൂനിയർ കൺസൽട്ടൻറ്, ഡന്റൽ മെക്കാനിക് ഗ്രേഡ് 2 , മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ, സ്റ്റാഫ് നേഴ്സ് എന്നിവയുടെ ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാൻ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിയ്ക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | | |
| (സി) | അധികമായി ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാരെ അനുവദിയ്ക്കുന്നതിനാണ് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) & (ഡി) | ആർദ്രം. പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാൻ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 10 അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പ്രപ്പോസലിന്റേ അടിസ്ഥാനത്തിൽ അധിക തസ്തികകൾ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ